WRITTEN ANSWERS

സ്കൂൾ ഫൈനൽ പരീക്ഷയിൽ വിജയികളായവരുടെ ശതമാനം.

* 1819. [6] ശ്രീ. ടി. എ. തൊമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ സ്കൂൾ ഫൈനൽ പരീക്ഷയിൽ സംസ്ഥാനത്തെ വിജയശതമാനം എത്ര;

(ബി) പ്രൈവറ്റ് സ്കൂളുകളിലെ വിജയശതമാനം എത്ര;

(സി) ഗവൺമെന്റ് സ്കൂളുകളിലെ വിജയശതമാനം എത്ര;

(ഡി) ഇക്കൊല്ലം സ്റ്റേറ്റ് അവരേജ് ഇത്ര മോശമാകുവാനുള്ള കാരണമെന്താണ്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) 37.4

(ബി) 39.64

(സി) 32.55

(ഡി) വിദ്യാർത്ഥികൾ താരതമ്യേന ശോഭപ്പെട്ട രീതിയിൽ പരീക്ഷക്ക് എഴുതിയതുകൊണ്ട്.

മത്സ്യവ്യവസായ സഹകരണസംഘങ്ങൾ.

* 1820. [12] ശ്രീമതി കുസുമം ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) Registration-നു് അപേക്ഷിച്ച എത്ര മത്സ്യവ്യവസായ സഹകരണസംഘങ്ങൾ ഇനിയും രജിസ്റ്റർ ചെയ്യപ്പെടേണ്ടതായിട്ടുണ്ട്;

(ബി) തെക്കേകൊല്ലംകോട് മത്സ്യവ്യവസായ സഹകരണസംഘം എന്നാണ് രജിസ്റ്റർ ചെയ്യാൻ അപേക്ഷ അയച്ചത്;

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഈ സംഘം രജിസ്റ്റർ ചെയ്തുകൊടുക്കുവാൻ ശുപാർശകൾ ചെയ്തുകയുണ്ടായോ; അത് രജിസ്റ്റർ ചെയ്തുകൊടുത്തോ;

(ഡി) തെക്കേകൊല്ലംകോട് മത്സ്യോൽപ്പാദക സഹകരണസംഘം പരുത്തിയൂർ മത്സ്യോൽപ്പാദന സഹകരണസംഘം ഇവ എന്നാണ് രജിസ്ട്രേഷനു് അപേക്ഷിച്ചത്; അവ രജിസ്റ്റർ ചെയ്തുകൊടുത്തുവോ; അവയ്ക്ക് ഗ്രാന്റായും, ലോണായും എത്രസംഖ്യ കൊടുത്തിട്ടുണ്ട്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) 25-2-1959-ൽ ആകെ 27 അപേക്ഷകളും നടപടി എടുക്കേണ്ടതായിട്ടുണ്ടായിരുന്നു. രജിസ്ട്രേഷനുവേണ്ടിയുള്ള ഒരപേക്ഷമാത്രമേ തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ഇപ്പോൾ ശേഷിച്ചിട്ടുള്ളൂ.

(ബി) തെക്കേകൊല്ലംകോട് മത്സ്യവ്യവസായ സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി 16-10-1957, 9-11-1957 എന്നീ തീയതികളിലായി രണ്ട് അപേക്ഷകളും കിട്ടി.

LIBRARY ARCHIVES Kerala Legislative Assembly

(സി) 16-10-1957-ൽ കിട്ടിയ അപേക്ഷയ്ക്ക് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരും ശുപാർശ ചെയ്യാതിരുന്നതുകൊണ്ട് തള്ളിക്കളയുകയും, 9-11-1957-ൽ കിട്ടിയ അപേക്ഷ, അപേക്ഷകർതന്നെ പിൻവലിക്കുകയും ചെയ്തു.

(ഡി) അവ 27-11-1958-ൽ ആണ് അപേക്ഷിച്ചത്. അവ രണ്ടും 23-12-1958-ൽ രജിസ്റ്റർ ചെയ്തുകൊടുത്തു. അവയ്ക്ക് 2,000 രൂപാവീതം ലോണായി കൊടുത്തിട്ടുണ്ട്. ഗ്രാൻറ് കൊടുക്കുന്ന കാര്യം ഗവണ്മെൻറിൻറെ പരിഗണനയിലിരിക്കുകയാണ്.

Working hours of Schools.

* 1821 [35] **Shri K. Hassan Gani**: Will the Minister for Education be pleased to state:—

Whether there is any proposal to change the working hours of schools to avoid work in the mid-day.

Minister for Education (**Shri Joseph Mundassery**):

There is no proposal at present to change the existing working hours of schools. On Fridays there is a two hours interval in view of the special requirement of the Muslim children.

UNSTARRED QUESTIONS AND ANSWERS.

അറബി ടെക്സ്റ്റുകൾ.

399. [20] ശ്രീ. കെ. അബുക്കാദർകുട്ടി നഹ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബി കസക്കൻഡറിസ്കൂളുകളിലേക്കുള്ള അറബി ടെക്സ്റ്റുകൾ ഗവണ്മെൻറ് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏവ;

(ബി) 1960-ൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കുവേണ്ടി പഠിക്കുന്ന അറബിക് സെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥികൾ ഏതു് അറബി പുസ്തകമാണ് പഠിക്കേണ്ടതു്;

(സി) 15-6-1959-ൽ സ്കൂൾ തുറക്കുന്നതിനുമുമ്പ് നിശ്ചയിച്ച പുസ്തകങ്ങളുടെ ലിസ്റ്റ് അറബി സ്കൂളുകളെ അറിയിക്കാൻ മയവുണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്. അറബിക് റീഡർ VIII മുതൽ X വരെ.

(ബി) അറബിക് റീഡർ X

(സി) ലിസ്റ്റ് സ്കൂൾ തുറക്കുന്നതിനുമുമ്പ് അറബി സ്കൂളുകളെ അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly